# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *53 - 13/01/2021- ലെ മറുപടിക്ക്

### സാമ്പത്തികരംഗത്തെ കേന്ദ്ര അവഗണന

ചോദ്യം | ഉത്തരം

ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. സി. ദിവാകരൻ
ശ്രീ . ജി .എസ് .ജയലാൽ
ശ്രീ . മുഹമ്മദ് മുഹസിൻ പി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | രണ്ട് പ്രളയങ്ങൾ, ഓഖി ദുരന്തം, നിപ, കൊറോണ ബാധ എന്നിവ മൂലം പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രയാസം ലഘൂകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള യഥോചിതമായ ഇടപെടലുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | മഹാപ്രളയം, കൊറോണ മഹാമാരി തുടങ്ങിയ ദുരന്തങ്ങൾ കാരണം പ്രതിസന്ധി നേരിടുന്ന സംസ്ഥാനത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ കൈകൊണ്ട് വരുന്നത്. കഴിഞ്ഞ വർഷങ്ങളിലായി കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ വെട്ടിക്കുറയ്ക്കുകയും GST നഷ്ടപരിഹാരം യഥാസമയം നൽകാതെ സംസ്ഥാനത്തെ ബുദ്ധിമുട്ടിലാക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തു വന്നിട്ടുള്ളത്. പ്രളയ പുന:നിർമ്മാണത്തിനുള്ള വിദേശസഹായ വായ്പകൾ സാധാരണ ഗതിയിലുള്ള വായ്പാ പരിധിയ്ക്ക് പുറത്തായി പരിഗണിക്കാമെന്ന് GST Council നൽകിയ വാഗ്ദാനത്തിൽ നിന്നും കേന്ദ്രസർക്കാർ പിൻമാറുകയുണ്ടായി. 2016-17 മുതൽ വിവിധ വകുപ്പുകളുടെ/ സ്ഥാപനങ്ങളുടെ പണം ട്രഷറി ഡിപ്പോസിറ്റായി കിടന്നത് സംസ്ഥാന സർക്കാരിന്റെ വായ്പയായി കണക്കാക്കുകയും അടുത്ത വർഷത്തെ വായ്പയിൽ നിന്ന് വെട്ടികുറയ്ക്കുന്ന ഒരു നയം കേന്ദ്രസർക്കാർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംസ്ഥാന സർക്കാരിന്റെ ധനമാനേജ്മെന്റിനെയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി കാരണം compensation cess ൽ വരുമാന നഷ്ടം ഉണ്ടാവുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരികയും ഇത് 27.08.2020- ൽ കൂടിയ 41-ാമത് ജി. എസ്. ടി. കൗൺസിൽ മീറ്റിങ്ങിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ GST നഷ്ടപരിഹാരത്തിന് തുല്യമായ തുക |
| (ബി) | വിവിധ ദുരന്തങ്ങൾ നേരിട്ട സംസ്ഥാനത്തിന് കൈത്താങ്ങ് നൽകേണ്ട കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ ജി.എസ്.ടി. വിഹിതം പോലും യഥാസമയം നൽകാതെ സംസ്ഥാന സർക്കാരിനെ വരിഞ്ഞുമുറുക്കുന്ന സമീപനമാണോ കഴിഞ്ഞ നാല് | |

<table>
<tr><td></td><td>വർഷങ്ങളിലധികമായി സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;</td><td>കടമെടുക്കുന്നതിനുള്ള പ്രപ്പോസൽ കേന്ദ്ര സർക്കാർ മുന്നോട്ട് വെയ്ക്കുകയും ചെയ്തിരുന്നു എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്ര സർക്കാർ GST Compensation പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ആകെ നഷ്ടപരിഹാര തുകയായ 2.35 ലക്ഷം കോടിയിൽ ജി.എസ്.ടി നടപ്പിലാക്കിയത് കാരണം ഉണ്ടായിട്ടുള്ള നഷ്ടം 1.10 ലക്ഷം കോടിയായി തിട്ടപ്പെടുത്തുകയും ഇത് സംസ്ഥാനങ്ങൾക്ക് Special Window Facility യിലൂടെ വായ്പയായി നൽകി വരുകയും ചെയ്യുന്നുണ്ട്. കൂടാതെ കോവിഡ് മഹാമാരി സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതവും വരുമാന നഷ്ടവും നേരിടുന്നതിനായി കേന്ദ്രസർക്കാർ 2% അധിക വായ്പ സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ 1% നിബന്ധനകൾ ഇല്ലാതെയും 1% നാല് സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് അനുവദിച്ചിട്ടുള്ളത്.</td></tr>
<tr><td>(സി)</td><td>ജി.എസ്.ടി. നടപ്പാക്കിയപ്പോൾ വാഗ്ദാനം ചെയ്തതുപോലെ സംസ്ഥാനത്തിന് വരുമാന നഷ്ടമുണ്ടാകുമ്പോൾ നഷ്ടപരിഹാരം നൽകുമെന്ന കേന്ദ്രസർക്കാർ വാഗ്ദാനം യഥാസമയങ്ങളിൽ<br>നിറവേറ്റിയിട്ടുണ്ടോ; ആയതിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ;</td><td>ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി. എസ്. ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്. ജി.എസ്.ടി. കളക്ഷനും, ഐ.ജി.എസ്.ടി. ക്രഡിറ്റും ആ മാസം ലഭിച്ച എൽ. എൻ. ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 & 2019-20 സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിച്ച നഷ്ടപരിഹാര തുക ചുവടെ ചേർക്കുന്നു
<table>
<tr><th>year</th><th>Protected Revenue (Cr.)</th><th>Total collection (Cr.)</th><th>Ad-hoc settlement (Cr.)</th><th>Compensation Received (Cr.)</th></tr>
<tr><td>2017-18</td><td>16398</td><td>13502.68</td><td>736</td><td>2102</td></tr>
<tr><td>2018-19</td><td>24924</td><td>18631.85</td><td>2734.36</td><td>3532</td></tr>
<tr><td>2019-20</td><td>28416</td><td>19622.88</td><td>693.52</td><td>8111</td></tr>
</table>
ദ്വൈമാസക്കണക്കിൽ ആണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത് 2017-18, 2018-19 സാമ്പത്തിക വർഷം ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019-20 സാമ്പത്തികവർഷം സംസ്ഥാനങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ</td></tr>
</table>

| | | |
|---|---|---|
| | | തുക ആണ് നഷ്ടപരിഹാരം cess വഴി ലഭിച്ചത്, ഇതിനാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭ്യമായില്ല. ഡിസംബർ 2019 മുതൽ ഫെബ്രുവരി 2020 വരെയുള്ള നഷ്ടപരിഹാര തുക 04.06.2020 - നും മാർച്ച് 2020 - ലെ നഷ്ടപരിഹാര തുക 23.07.2020 - നും ആണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചത്.<br><br>സാമ്പത്തിക വർഷം 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 12,000 കോടി രൂപ ആണ്. ഇതിൽ ഡിസംബർ 31, 2020 വരെ കോമ്പൻസേഷൻ സെസ്സിൽ നിന്നുള്ള നഷ്ടപരിഹാരമായി 1829.3 കോടി രൂപ സംസ്ഥാന സർക്കാരിനു നല്കിയിട്ടുണ്ട്.<br><br>കൂടാതെ, കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച GST compensation പാക്കേജ് (Special Window Facility യിലൂടെയുള്ള വായ്പ) അനുസരിച്ച് 2020-21 സാമ്പത്തിക വർഷം ഇതുവരെ 1897.80 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. ഇപ്രകാരം 2020-21 സാമ്പത്തിക വർഷം ആകെ GST നഷ്ടപരിഹാരമായി 3727.10 കോടി രൂപ (1829.3 cess + 1897.80 Spl Window Loan) സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (ഡി) | കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരുകൾക്ക് അധിക ഗ്രാന്റുകൾ നൽകുന്ന കാര്യം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനയിൽ ഉൾപ്പെട്ടിട്ടുണ്ടോ; അങ്ങനെ ഒരാവശ്യം സംസ്ഥാന സർക്കാർ മുന്നോട്ട് വച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുൻപാകെ സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പുതുക്കിയ മെമ്മോറാണ്ടം 2020 മാർച്ച് മാസത്തിൽ തന്നെ സമർപ്പിച്ചിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഇതിലെ ശുപാർശകൾ വ്യക്തമാകുകയുള്ളൂ. കോവിഡ് പശ്ചാത്തലത്തിൽ ആരോഗ്യം, സാമൂഹ്യ ക്ഷേമം, പുനരധിവാസം എന്നീ മേഖലകളിലുണ്ടായേക്കാവുന്ന കുത്തനെയുള്ള അധിക ചിലവുകൾ നേരിടുന്നതിന് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 50% ആയി ഉയർത്തണമെന്നും, നിപ്പ, കോവിഡ്-19 തുടങ്ങിയ പൊതു ആരോഗ്യ ദുരന്തങ്ങൾ നേരിടുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും, കോവിഡ് മൂലം സംസ്ഥാന ധനസ്ഥിതിയ്ക്ക് ഉണ്ടായ കനത്ത ആഘാതം നേരിടുന്നതിന് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ/ ധനകമ്മിയിൽ ആവശ്യമായ ഇളവുകൾ അനുവദിക്കണമെന്നും മെമ്മോറാണ്ടത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു ശേഷം ബഹു. |

| | | |
|---|---|---|
| | | മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയ്ക്ക് അയച്ച 26/04/2020-ലെ കത്ത് പ്രകാരം കോവിഡ് 19-ഉം തുടർന്നുള്ള ലോക്ക് ഡൗണും കാരണം സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ ഉണ്ടായ പ്രത്യാഘാതങ്ങൾ പരിശോധിക്കുന്നതിനും ഇത് പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അഡീഷണൽ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ